PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

THIRD SESSION—1951

Tuesday, *the 3rd April 1951*

Vol: III OFFICIAL REPORT [No. 20

The Assembly met again in the Legislative Chamber, Trivandrum, at Eleven of the Clock on Tuesday, the 3rd April 1951, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The numbers within brackets indicate the serial numbers in the list of questions admitted for the day.)

Oral Answers

GENERAL ELECTION

*1208 [1] **Sri. D. Gnanasigamoni:** Will the Hon'ble the Chief Minister be pleased to state.—

(*a*) whether the Election Commissioner Delhi, has consulted this Government as regards the timing of the coming general election in this state, and

(*b*) if so, what were the suggestions of this Government?

Minister for Finance, Revenue and Law **(Sri. A. J. John):** (*a*) Yes.

(*b*) Government have agreed to fall in line with the All-India policy.

Sri. D. Gnanasigamoni: Then, am I to understand that the time is fixed without reference to this Government?

Sri. A. J. John: The time has been fixed only after consulting this Government—November middle to December end.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇവിടെ എലക്ഷൻ നടത്തുവാൻ സൌകര്യമായ കാലം ഇന്നതാണെന്നു് ഗവർമ്മെൻറ് ഇന്ത്യാഗവൺമെൻറിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: നവമ്പർ മദ്ധ്യം മുതൽ ഡിസമ്പർ അവസാനം തീയ്യതിവരെ ഇവിടെ എലക്ഷൻ ആകാമെന്നു അറിയിച്ചിട്ടുണ്ടു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: എല്ലാ രാഷ്ട്രീയപാർട്ടികൾക്കും എലക്ഷനിൽ പങ്കുകൊള്ളുവാൻ സൌകര്യം കൊടുക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജോൺ: എല്ലാ വ്യക്തികൾക്കും എലക്ഷനിൽ പങ്കുകൊള്ളുന്നതിനു് സൌകര്യം ഉണ്ടായിരിക്കുന്നതാണു്.

ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറ്

*1209 (ക) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സ്റ്റേറ്റ്ട്രാൻസ്പോർട്ടിൽ നിന്നും നടത്തുന്ന എല്ലാ ലയിനുകളിലും യാത്രക്കാർ വളരെയധികം കഷ്ടപ്പാടും സമയനഷ്ടവും അനുഭവിക്കുന്നുണ്ടെന്നു് ഗവൺമെൻറിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട്മന്ത്രി, മന്ത്രിപദം സ്വീകരിച്ചതിനശേഷം സ്റ്റേറ്റ്ട്രാൻസ്പോർട്ട് ബസ്സുകളിൽ സഞ്ചരിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും, തൊഴിലും, ഭക്ഷ്യവും വകുപ്പ് മന്ത്രി
ശ്രീ. ടി. കെ. നാരായണപിള്ള:

(എ) അങ്ങിനെ പരാതികൾ ഉണ്ട്.

(ബി) ഇല്ല.

ശ്രീ. എം. ഐ. പോൾ: ഇങ്ങിനേയുള്ള പരാതികൾ ഗവൺമെൻറിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ട് വളരെ കാലമായിട്ടും ഇന്നേവരെ അതിനു് പരിഹാരമുണ്ടാക്കുവാൻ സാധിക്കാഞ്ഞതു് എന്തുകൊണ്ടാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനു് പരിഹാരം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. എം. ഐ. പോൾ: യാത്രക്കാർ വളരെയധികം കഷ്ടപ്പാടും സമയനഷ്ടവും അനുഭവിക്കുന്നുണ്ടെന്നു് ഗവൺമെൻറ് ദൃഷ്ടിയിൽ പെട്ടിട്ടും അതിനൊരു പരിഹാരം ഉണ്ടാക്കാത്തതെന്തുകൊണ്ടാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതാണു് ഞാൻ പറഞ്ഞതു് അതിനു പരിഹാരങ്ങൾ ചെയ്തുകൊണ്ടിരിക്കയാണെന്നു്. ചില സൌകര്യങ്ങളെല്ലാം ഇപ്പോൾ ഉണ്ടാക്കിക്കൊടുത്തിട്ടുണ്ടു്.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: പരിഹാരങ്ങൾ ചെയ്തുകൊണ്ടിരിക്കയാണെന്നു് പറഞ്ഞു. എന്തെല്ലാമാണു് ചെയ്തിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള: വെയിറ്റിംഗ് ഷെഡ് ഇല്ലാത്തതുകൊണ്ടു് യാത്രക്കാക്കു് വളരെ കഷ്ടപ്പാടുകൾ ഉണ്ടായിരുന്നു. അതിനു് പരിഹാരമായി വെയിറ്റിംഗ് ഷെഡ് ഉണ്ടാക്കിയിട്ടുണ്ടു്. അതുപോലെ കൌപ്പൺ സിസ്റ്റം ഏർപ്പെടുത്തണമെന്നു് ഒരു പരാതി ഉണ്ടായിരുന്നു. അതിനു് ഏപ്രിൽ ഒന്നാംതീയതി മുതൽ കൌപ്പൺ സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ടു്. ഇങ്ങിനെയുള്ള ചില പരിഹാരങ്ങളാണു് ഇപ്പോൾ ചെയ്തിട്ടുള്ളതു്.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: യാത്രക്കാരുടെ കഷ്ടപ്പാടും സമയനഷ്ടവും ഇല്ലാതാക്കണമെങ്കിൽ എല്ലാ ലൈനുകളിലുംകൂടി എത്ര ബസ്സുകൾ വേണമെന്നു് ഗവൺമെൻറിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനുള്ള മറുപടി ഞാൻ ഇതിനു മുമ്പുതന്നെ പറഞ്ഞിട്ടുണ്ടു്. നൂറു ബസ്സുകൾക്കു് ഇപ്പോൾ ഓർഡർ കൊടുത്തിട്ടുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഏതെല്ലാം സ്ഥലങ്ങളിലാണു് കൌപ്പൺസിസ്റ്റം ഏർപ്പെടുത്തിയിരിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: തിരുവനന്തപുരത്തും കൊല്ലത്തും.

ശ്രീ. വി. ഗംഗാധരൻനായർ: കൊട്ടാരക്കര–തിരുവനന്തപുരം ലൈനിൽ എക്സ്പ്രസ്സ് സർവ്വീസു് തുടങ്ങുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിന്റെ വിവരം എന്റെ കൈവശം ഇപ്പോൾ ഇല്ല.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഇപ്പോൾ എത്ര ബസ്സുകൾകൂടി ഉണ്ടെങ്കിൽ യാത്രാസൌകര്യം ഉണ്ടാകുമെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഞാൻ അതിനു് നാലുപ്രാവശ്യം മറുപടി പറഞ്ഞുകഴിഞ്ഞിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ചെങ്ങന്നൂരിൽ കൌപ്പൻ സിസ്റ്റം ഏർപ്പെടുത്തുവാൻ ദയവുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. ഏ. അച്യുതൻ: ഇപ്പോൾ ട്രാൻസ്പോർട്ടിൽനിന്ന് ലൈൻ നടത്തുന്ന എല്ലാ സ്ഥലങ്ങളിലും അവരുടെ ലൈൻ സമയം കഴിയുന്ന അവസരത്തിൽ പ്രൈവറ്റ് ഏജൻസിക്കാർക്ക് സർവ്വീസ് അനുവദിക്കുവാൻ ആലോചനയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: തിരുവനന്തപുരത്തു് ട്രാൻസ്പോർട്ട് സർവ്വീസ് സമയം കഴിഞ്ഞതിനു ശേഷം രാത്രിയിൽ സിനിമ കഴിഞ്ഞു വരുന്നവരുടെ സൌകര്യത്തിനുവേണ്ടി ആക്കോ സർവ്വീസ് നടത്തുവാൻ അനുവാദം കൊടുത്തിട്ടുണ്ടെന്നു് അറിഞ്ഞു. എന്നാൽ അതിനെപ്പറ്റി ഗവൺമെൻറ് ആലോചിച്ചുവരികയാണു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇപ്പോൾ ട്രാൻസ്പോർട്ടിൽനിന്നു സർവ്വീസ് നടത്തുന്നതായ ഏതെങ്കിലും സ്ഥലങ്ങളിൽനിന്നു് സർവ്വീസ് പിൻവലിക്കുന്നതിനു് ആലോചനയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

Sri. P. Balakrishnan Tampi: Is the Government aware that the buses plying after the cinema hours satisfy the real need of the people of the City?

ശ്രീ. ടി. കെ. നാരായണപിള്ള: എന്നാണു് ഗവൺമെൻറിനുള്ള അറിവു്.

ശ്രീ. ഏ. കെ. പാച്ചുപിള്ള: കോളേജുകളിലും സ്കൂളുകളിലും പോകുന്ന കുട്ടികളുടെ സൌകര്യാർത്ഥം ആവക സ്ഥലങ്ങളിൽ കൂടുതൽ ബസ്സു് ഇടുന്നതിനു് ഏർപ്പാടു് ചെയ്യിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ തന്നെ ഏർപ്പാടു് ചെയ്യിട്ടുണ്ടു്. അടുത്ത കൊല്ലം മുതൽ ആ വക ലൈൻകളിൽ കൂടുതൽ ബസ്സുകൾ ഏർപ്പെടുത്തണമെന്നു് വിചാരിക്കുന്നുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ചെങ്ങന്നൂരിൽ ഒരു സർവ്വീസു് ഏർപ്പെടുത്തുവാൻ ആലോചനയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പറ്റി ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. വി. ഏ. അബ്ദുൽ അസ്സീസ്സ്: ട്രൻസ്പോർട്ട് ലൈനിൽ സിനിമ കഴിഞ്ഞു വരുന്നവരെ ഉദ്ദേശിച്ചു് ബസ്സ് ലൈൻ അനുവദിച്ചിരിക്കുന്നതുപോലെ എല്ലാ ട്രാൻസ്പോർട്ടലൈനുകളിലും അവരുടെ ലൈൻസമയം നിറുത്തിക്കഴിഞ്ഞാൽ പ്രൈവറ്റ് ബസ്സുകൾക്കു് സർവ്വീസ് അനുവദിക്കുന്നതിനെപ്പറ്റി ഗവൺമെൻറിൻെറ നയം എന്താണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെയുള്ള ഒരു കാര്യംതന്നെ ഇപ്പോൾ ഗവൺമെൻറ് ആലോചിക്കുന്നില്ല.

ടാറാ ഓയിൽ മിൽ

*൧൨൭൦ (൯) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായ വകുപ്പു മന്ത്രി ദയവു മറുപടി നൽകുമോ.—

LIBRARY ARCHIVES Kerala Legislative Assembly